(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും വ്യവസായ സ്ഥാപനങ്ങളിൽനിന്നും ഉണ്ടാകുന്ന ഉപയോഗശൂന്യമായ കമ്പ്യൂട്ടറുകൾ, ലാപ് ടോപ്പുകൾ, ടെലിഫോണുകൾ, മൊബൈൽ ഫോണുകൾ, പ്രിന്ററുകൾ, ഫോട്ടോ കോപ്പിയറുകൾ, സ്കാനറുകൾ, ക്യാമറകൾ, സ്വിച്ചുകൾ, ഫാൻ, എയർകണ്ടീഷനറുകൾ, ഇലക്ട്രിക്കൽ മോട്ടോറുകൾ, ജനറേറ്ററുകൾ, കേബിളുകൾ തുടങ്ങി എല്ലാ ഇലക്ട്രോണിക്, ഇലക്ട്രിക്കൽ മാലിന്യങ്ങളും കിലോയ്ക്ക് അഞ്ച് രൂപ എന്ന നിരക്കിൽ രസീത് കൈപ്പറ്റി ക്ലീൻ കേരള കമ്പനിയെ ഏൽപ്പിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ഇല്ല. ഇപ്പോൾ പരിഗണനയിലില്ല.

നഗര വികസനത്തിന് പൊതു-സ്വകാര്യപങ്കാളിത്തത്തോടെയുള്ള പദ്ധതികൾ

124 (4159) ശ്രീ. പാലോട് രവി :

ശ്രീ. വർക്കല കഹാർ :

ശ്രീ. വി.ഡി. സതീശൻ :

ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗര വികസനത്തെ സംബന്ധിച്ച് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട് ;

(ബി) ഇതിനായി നഗരസഭകളും വികസന അതോറിറ്റികളും പാർട്ട്ണർ കേരള മിഷനുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ;

(സി) ഇതുസംബന്ധിച്ച് എത്ര കരാറുകൾ ഒപ്പുവച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകാമോ ;

(ഡി) നഗരവകുപ്പ് തയ്യാറാക്കിയ പദ്ധതികൾ പ്രായോഗിക ഘട്ടത്തിലെത്തിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നഗരസഭകളിൽ പൊതു-സ്വകാര്യപങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി പാർട്ട്ണർ കേരള മിഷൻ രൂപീകരിച്ചു. ഇക്കാര്യത്തിൽ സ്വീകരിച്ച മറ്റ നടപടികൾ ചുവടെ ചേർക്കുന്നു :

1. മെസേഴ്സ് കിറ്റ്കോയെ ട്രാൻസാക്ഷൻ അഡ്വൈസറായി നിയമിച്ചിട്ടുണ്ട്.

2. പാർട്ട്ണർ കേരളമിഷനും പ്രാദേശിക സർക്കാരുമായി ഒപ്പുവയ്ക്കേണ്ട എഗ്രിമെന്റ് സർക്കാർ അംഗീകരിക്കുകയും പദ്ധതി നടപ്പാക്കുന്ന പ്രദേശത്തെ സർക്കാരുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

3. പൊതു-സ്വകാര്യപങ്കാളിത്ത പദ്ധതികൾ നടപ്പാക്കുന്നതിന് ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

4. പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ സാമ്പത്തികം ഉറപ്പുവരുത്തുന്നതിനായി ബാങ്കുകളുമായും ധനകാര്യ സ്ഥാപനങ്ങളുമായും ചർച്ച നടന്നു കഴിഞ്ഞിട്ടുണ്ട്.

5. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ആവശ്യമായ ട്രെയിനിംഗ് ലഭ്യമാക്കിയിട്ടുണ്ട്.

6. പദ്ധതി പ്രവർത്തനത്തിന്റെ സുഗമമായ നടത്തിപ്പിന് മാദ്ധ്യമ പ്രവർത്തകരെ ഉൾപ്പെടുത്തി വർക്ക്ഷോപ്പുകൾ നടത്തിയിട്ടുണ്ട്.

7. പൊതുപങ്കാളിത്ത സ്വകാര്യ പദ്ധതികളെ സംബന്ധിച്ച് സംസ്ഥാനത്തുള്ള നിക്ഷേപകർക്ക് വേണ്ടത്ര അവബോധം ലഭിക്കുന്നതിനായി 7 ഇൻവെസ്റ്റർ എക്സ്പോഷർ മീറ്റുകൾ സംഘടിപ്പിക്കുകയുണ്ടായി.

(ബി) ഉണ്ട്.

(സി) 20 കരാറുകൾ ഒപ്പുവച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(ഡി) സ്വീകരിച്ച നടപടിയുടെ വിശദാംശം (എ) പിരിവിനുള്ള മറുപടിയായി നൽകിയിട്ടുണ്ട്.

തലസ്ഥാന നഗര ശുചീകരണ പദ്ധതികൾ

125 (4160) ശ്രീ. സി. മൊയിൻ കുട്ടി :

ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.